# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5483      04.07.2013 - ൽ മറുപടിക്ക്

## ചിറകളിലേയും പാറമടകളിലേയും വെള്ളം ശുദ്ധീകരിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ ചിറകളിലേയും പാറമടകളിലേയും വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളമായി നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ ചിറകളിലെയും, പാറ മടകളിലേയും വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ദക്ഷിണ മേഖലയിലെ ആറ്റിങ്ങൽ ഡിവിഷനു കീഴിൽ പുല്ലാമ്പാറ പഞ്ചായത്തിൽ ഒരു മൈക്രോഫിൽറ്റർ യൂണിറ്റ് സ്ഥാപിച്ച് ജലം ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൊല്ലം സർക്കിളിനു കീഴിൽ പ്രമാടം പഞ്ചായത്തിൽപ്പെട്ട പ്ലാക്കൽ പാറമടയിലെ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനു വേണ്ടി ബഹു. പത്തനംതിട്ട ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും 30 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്.<br>മദ്ധ്യ മേഖലയുടെ കീഴിൽ കൊച്ചി, പി.എച്ച് സർക്കിളിന്റെ പരിധിയിൽ ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>ഉത്തര മേഖലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റി 13-ാം വാർഡിൽ പെരുവട്ടൂർ എന്ന സ്ഥലത്ത് ഏകദേശം 60 മീറ്റർ നീളത്തിലും, 25 മീറ്റർ വീതിയിലും, 5 മീറ്റർ ആഴത്തിലും സ്ഥിതി ചെയ്യുന്ന കുട്ടിച്ചാത്തൻ പാറക്കുളത്തിലെ വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളമായി നൽകുന്നതിന് 20 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ്, പ്രസ്തുത പാറമടയിലെ വെള്ളം പരിശോധിച്ച ടെസ്റ്റ് റിപ്പോർട്ട് ഇവ സൂക്ഷ്മ പരിശോധനയിലാണ്. |

.......................2

| | | | |
|---|---|---|---|
| (ബി) | ഇതിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ഏതാണ്; | (ബി) | ഇതിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ മൈക്രോ ഫിൽറ്റർ സംവിധാനം ആണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | കൊല്ലം സർക്കിളിനു കീഴിൽ എസ്.ഡി.ആർ.എഫ് ഫണ്ട് ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈ മാറുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | കൊല്ലം സർക്കിളിനു കീഴിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിച്ചു കഴിഞ്ഞു.<br>കൊച്ചി സർക്കിളിന്റെ പരിധിയിലുള്ള അയ്യമ്പുഴ പഞ്ചായത്തിൽ 5000 ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള മൈക്രോ ഫിൽറ്റർ ഉപയോഗിച്ച് ജലം ശുദ്ധീകരിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള ജലസാമ്പിൾ ടെസ്റ്റിംഗ് കഴിഞ്ഞു. ഫിൽറ്റർ ലഭിച്ചിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിനുള്ള ജോലികൾ ഉടൻ ആരംഭിക്കും.<br>ഉത്തര മേഖലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുട്ടിച്ചാത്തൻ പാറക്കുളത്തിലെ വെള്ളം ശുദ്ധീകരിച്ച് നൽകുന്നതിനുള്ള 20 ലക്ഷം രൂപ പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ